TB Movie Panel Weekly Review

**#MoviePanel**

FORGOTTEN - ട്വിസ്റ്റുകൾ കൊണ്ട് പ്രേക്ഷകനെ ഞെട്ടിച്ച ത്രില്ലർ സിനിമ

Written By: Jithin Sreedhar

2017 ൽ മിസ്റ്ററി/ത്രില്ലർ ഗണത്തിൽ, സൗത്ത് കൊറിയൻ ഇൻഡസ്ട്രിയിൽ ഇറങ്ങിയ ചിത്രം ആണ് ഇത്. 1997ൽ, 21 വയസ് ഉള്ള ജിൻ സൂക്ക് എന്ന ചെറുപ്പക്കാരൻ തന്റെ ഫാമിലിയോട് ഒപ്പം ഒരു പുതിയ വീട്ടിലേക്ക് താമസം മാറുന്നത് ആണ് കഥയുടെ തുടക്കം. സന്തോഷകാരമായ ആദ്യ ദിവസങ്ങളിൽ, മുകളിലത്തെ നിലയിലെ, ഇടക്കിടെ അവ്യക്തതമായ ശബ്ദങ്ങൾ കേൾക്കുന്ന, തുറക്കപെടാത്ത ഒരു മുറി മാത്രം അദ്ദേഹത്തെ ഒരല്പം ആശങ്കയിലാക്കുന്നുണ്ട്. ഒരു നിമിഷം ഒരു ഹൊറർ സിനിമയായി മാറുകയാണോ എന്നുവരെ തോന്നിപോകുന്ന ചെറിയ ചില രംഗങ്ങളിലൂടെ മുന്നേറുന്നതിനിടയിൽ, അപ്രതീക്ഷിതമായി ഒരു മഴയുള്ള രാത്രി, ജിന്നിന്റെ ജേഷ്ഠനായ യൂ സൂക്ക് , കുറച്ചു അക്രമികളാൽ കിഡ്നാപ്പ് ചെയ്യപ്പെടുന്നതോടെ കഥ മറ്റൊരു തലത്തിലേക്ക് വഴി മാറന്നു.

ഏതാണ്ട് രണ്ട് ആഴ്ചയോളം യാതൊരു വിവരവും ഇല്ലാതെ ഇരിക്കുന്ന ജേഷ്ടൻ ഒരു നിമിഷത്തിൽ പെട്ടന്ന് തിരികെ പ്രത്യക്ഷപെടുന്നു. ജിന്നിന് പക്ഷെ, ഈ തിരിച്ചു വരവോടെ സംശയങ്ങൾ ഉടലെടുക്കുന്നു. താൻ അറിയാത്ത എന്തെങ്കിലും ദുരൂഹതകൾ ആ വീട്ടിൽ നടക്കുന്നതാണോ, അതോ എല്ലാം തന്റെ വെറും തോന്നൽ മാത്രമാണോ എന്നു തിരിച്ചറിയാൻ കഴിയാത്ത അയാളോടൊപ്പം കാണുന്ന നമ്മളും ആശയ കുഴപ്പത്തിലാകുന്നു. പിന്നീടങ്ങോട്ട് ട്വിസ്റ്റുകളുടെ സംസ്ഥാന സമ്മേളനം ആണ്. കഥയുടെ ഓരോ നാൽ കവലയിൽ എത്തുമ്പോഴും, ഇനി ഇന്ന രീതിയിൽ ആകും കഥ മുന്നേറുക എന്ന് ഒരു സിനിമപ്രേമി എന്ന നിലയിൽ ഞാൻ മുൻകൂട്ടി നിശ്ചയിക്കുകയും, അതിനെ എല്ലാം തകർത്തെറിഞ്ഞു, അത് വരെ കാണാത്ത അഞ്ചാമത് ഒരു വഴിയിലൂടെ സിനിമ സഞ്ചരിക്കുകയും ആണ് ഉണ്ടായത്!

ജങ് ഹങ്- ജുൻ എഴുതി സംവിധാനം ചെയ്തിരിക്കുന്ന ചിത്രം, അദ്ദേഹം തന്റെ ഒരു സുഹൃത്ത്, ഒരു ദിവസം പെട്ടന്ന് അപ്രത്യക്ഷനായി, ഏതാണ്ട് ഒരു മാസത്തിന് ശേഷം മറ്റാരെയോ പോലെ തിരികെ എത്തിയ തന്റെ ഒരു കസിനെ കുറിച്ചു പറഞ്ഞ അനുഭത്തിൽ നിന്നും വികസിപ്പിച്ചെടുത്തത് ആണെന്നാണ് അറിയാൻ കഴിഞ്ഞത്.

എന്താണ് അന്ന് രാത്രി യഥാർത്ഥത്തിൽ നടന്നത്. എല്ലാം അയാളുടെ തലച്ചോറിന്റെ വെറും ഭാവനകൾ മാത്രമോ? അതോ? മാത്രമല്ല തുറക്കപ്പെടാത്ത ഒരു മുറി ഉണ്ട് എന്നത് അപ്പോഴും ദുരൂഹത ബാക്കി

വെക്കുന്നു. ഏതായാലും netflixൽ സിനിമ ഇംഗ്ലീഷ് sub ഉൾപ്പെടെ ലഭ്യമാണ്.
കാണുക, കണ്ട് കണ്ണഞ്ചുക!